**ഖുത്ബ**
**9.11.2007**
**ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ**

# തഹ്‌രീകെജദീദ് 2007-08

وَالْمُؤْمِنُوْنَ وَالْمُؤْمِنٰتُ بَعْضُهُمْ اَوْلِيَآءُ
بَعْضٍ ۘ يَاْمُرُوْنَ بِالْمَعْرُوْفِ وَيَنْهَوْنَ
عَنِ الْمُنْكَرِ وَيُقِيْمُوْنَ الصَّلٰوةَ وَيُؤْتُوْنَ
الزَّكٰوةَ وَيُطِيْعُوْنَ اللّٰهَ وَرَسُوْلَهٗ ۗ
اُولٰٓئِكَ سَيَرْحَمُهُمُ اللّٰهُ ۗ اِنَّ اللّٰهَ
عَزِيْزٌ حَكِيْمٌ ﴿٧١﴾

**ഈ** വചനത്തിന്റെ അർത്ഥമിതാണ്. "സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം മിത്രങ്ങളാണ്. അവർ നല്ലത് ഉപദേശിക്കുകയും ചീത്തയായത് വിലക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അല്ലാഹു നിശ്ചയമായും കരുണ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു" (9:71).

ഈ വചനത്തിന്റെ തർജമ നിങ്ങൾ കേട്ടു. ഇതിൽ സത്യവിശ്വാസിയായ പുരുഷന്റേയും സ്ത്രീയുടേയും സവിശേഷമായ ഗുണത്തെക്കുറിച്ചാണ് പറയപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നത്, ഈ മനോഹരമായ അടയാളം അല്ലെങ്കിൽ സവിശേഷമായ ഗുണങ്ങൾ ഏതൊരു ജമാഅത്തിൽ അല്ലെങ്കിൽ ഏതൊരു സംഘത്തിൽ ഉണ്ടാകുന്നുവോ അതായിരിക്കും യഥാർത്ഥ വിശ്വാസികളുടേയും വിശ്വാസിനികളുടേയും ജമാഅത്ത് എന്നാണ്. അല്ലാഹുതആല ഈ വചനത്തിൽ സത്യവിശ്വാസികളുടെ ജമാഅത്തിന് വേണ്ടുന്നതായ ഏഴു പ്രത്യേകതകൾ വിവരിച്ചിരിക്കുന്നത് നമ്മൾ കണ്ടു. ഒന്നാമത്തേത് അവർ പരസ്പരം സുഹൃത്തുക്കളായിരിക്കും എന്നതാണ്. ഓരോ നിമിഷവും അവർ പരസ്പരം സഹായിക്കുന്നതിന് തയ്യാറായിരിക്കും. രണ്ടാമത്തെ കാര്യം പറഞ്ഞത് അവർ നല്ല കാര്യങ്ങൾ ഉപദേശിക്കുകയും അതിനെ പ്രചരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. അവർ സ്വന്തം നന്മ ആഗ്രഹിക്കുന്നതുപോലെ, മറ്റുള്ളവരുടെ നന്മയും ആഗ്രഹിക്കുന്നവരാണ്. നന്മയും സ്നേഹവും സന്തോഷവും സ്ഥാപിച്ചും അല്ലാഹുവിന്റെ കല്പനകൾ പാലിച്ചുംകൊണ്ട് സത്യഹൃദയത്തോടെ പ്രവർത്തിക്കുന്ന ജമാഅത്ത് സ്ഥാപിക്കാൻ അവർ ആഗ്രഹിക്കുന്നു. മൂന്നാമത്തെ കാര്യം പറഞ്ഞത് ചീത്തയായ കാര്യങ്ങൾ തടയുന്നു എന്നതാണ്. അല്ലാഹുവിന്റെ കല്പനകൾ പാലിക്കപ്പെടാത്ത എല്ലാ കാര്യങ്ങളേയും അവർ തടയുന്നു. അവർ മർദ്ദകരേയും മർദ്ദിതരേയും സഹായിക്കുന്നവരാണ്. മർദ്ദകരെ, മർദ്ദനത്തിൽനിന്ന് തടയുന്നവരാണ്. മർദ്ദിതരെ സഹായിക്കാനും സമാധാനിപ്പിക്കാനും എപ്പോഴും അവർ തയ്യാറായിരിക്കും. ഇതിനുവേണ്ടി ത്യാഗം ചെയ്യേണ്ടിവന്നാൽ അതിന് അവർ മടിക്കുകയില്ല. ശാന്തിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അന്തരീക്ഷം സ്ഥാപിതമാകുന്നതിനുവേണ്ടിയാണ് അവർ ഇങ്ങനെ ചെയ്യുന്നത്. നാലാമത്തെ കാര്യം പറഞ്ഞിട്ടുള്ളത് അവർ നമസ്കാരം നിലനിറുത്തുന്നു എന്നതാണ്. നമസ്കാരം മതത്തിന്റെ തൂണാണ്. അത് നല്ലവണ്ണം ശ്രദ്ധിക്കണമെന്നാണ് കല്പിച്ചിട്ടുള്ളത് . ഇല്ലെങ്കിൽ മുഅ്മിൻ അഥവാ സത്യവിശ്വാസിയാണെന്ന വാദം നിരർത്ഥകമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തെക്കുറിച്ച് ഒരിടത്ത് പറയുന്നു: നമസ്കാരം വളരെ അത്യാവശ്യമായിട്ടുള്ളതും മുഅ്മിന്റെ മിഅ്റാജുമണ്. അല്ലാഹുവിനോട് സഹായം ചോദിക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം നമസ്കാരമാണ്. നമസ്കാരത്തെക്കാൾ ഉന്നതമായ ഒരു ജപവുമില്ല. കാരണം ഇതിൽ ദൈവസ്തുതിയുണ്ട് (ഹംദെഇലാഹി). ഇസ്തിഗ്ഫാറും (പൊറുക്കലിനെ തേടൽ) സ്വലാത്തുമുണ്ട്. എല്ലാ നിത്യസ്തോത്രങ്ങളുടെയും സമുച്ചയം ഈ നമസ്കാരം തന്നെയാണ്. എന്തെന്തെല്ലാം നിത്യജപങ്ങളുണ്ടോ അതിന്റെയൊക്കെ സമുച്ചയം ഈ നമസ്കാരമാണ്. ഇതുമുഖേന എല്ലാതരം ദുഃഖവും വേദനയും അകലുന്നു. പ്രയാസങ്ങൾ പരിഹരിക്കപ്പെടുന്നു.

നമസ്കാരം ഭംഗിയായി നിർവഹിക്കൽ, സമയത്ത് അനുഷ്ഠിക്കൽ, ജമാഅത്തോടുകൂടി നമസ്കരിക്കൽ തുടങ്ങിയവയെല്ലാം സത്യവിശ്വാസിയുടെ പ്രത്യേകതകളാണെന്ന് അല്ലാഹു പറയുന്നു. അങ്ങനെതന്നെയാണ് വേണ്ടത്.

അഞ്ചാമത്തെ കാര്യം പറഞ്ഞത്, മുഅ്മിൻ സക്കാത്ത് കൊടുക്കുന്നു എന്നതാണ്. അതായത്, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. ഇതിനെ ഞാൻ പിന്നീട് വിശദീകരിക്കുന്നതാണ്. ആറാമത്തെ കാര്യം പറഞ്ഞത്, സത്യവിശ്വാസി അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നു എന്നതാണ്. അല്ലാഹുവി

നോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിനായി, അല്ലാഹുവും അവന്റെ റസൂലും കല്പിച്ചതനുസരിച്ച് സന്തോഷത്തോടെ പ്രവർത്തിക്കുന്നു. ഏഴാമത്തെ കാര്യം പറഞ്ഞത്, ഈ പ്രത്യേകതകൾ വഹിക്കുന്ന സത്യവിശ്വാസിയുടെമേൽ അല്ലാഹു കരുണ ചൊരിയുന്നു എന്നതാണ്. അതായത്, ഇവർ അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കുന്നവരായിത്തീരുന്നു. അത്തരം സത്യവിശ്വാസിയോട് അല്ലാഹു എപ്പോഴും കാരുണ്യത്തോടും അനുകമ്പയോടുംകൂടി പെരുമാറുന്നു. സത്യവിശ്വാസിയേയും സത്യവിശ്വാസിനിയേയും സംബന്ധിച്ചുള്ള ഈ പ്രത്യേകതകൾ പ്രതാപശാലിയും യുക്തിയുക്തം പ്രവർത്തിക്കുന്നവനുമായ അല്ലാഹുവാണ് വിവരിച്ചിട്ടുള്ളതെന്ന കാര്യം എപ്പോഴും ഓർത്തുകൊള്ളുക. ആ യുക്തിജ്ഞനും പ്രതാപശാലിയുമായ അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചും അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിച്ചും നമ്മുടെ ഉള്ളിലും യുക്തിയും അറിവും ഉണ്ടാകണം. അപ്പോഴാണ് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളനുസരിച്ച് പ്രവർത്തിച്ചതുകൊണ്ട് നമ്മുടെ ഉള്ളിലുണ്ടായ വിവേകം കാരണത്താൽ ജമാഅത്തിന്റെ കെട്ടുറപ്പും നീതിയും ന്യായവും സ്ഥാപിതമാകുന്നത്. ആ അറിവ് കാരണത്താൽ നമ്മുടെയുള്ളിലെ അജ്ഞത അവസാനിക്കുന്നതാണ്. ബുദ്ധിസാമർത്ഥ്യത്തോടും വിവേകത്തോടും നടന്നുകൊണ്ട് നമ്മൾ നമ്മളെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും പരസ്പരം സ്നേഹവും സാഹോദര്യബന്ധവും വർദ്ധിപ്പിക്കുകയും ചെയ്യുന്നവരായിത്തീരുന്നതോടൊപ്പം, ഏകനായ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന യുക്തിനിർഭരമായ ഈ സന്ദേശം അതായത്, നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി കൊണ്ടുവന്ന തൗഹീദിന്റെ ഈ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നവരായിത്തീരുകയും ചെയ്യുന്നാണ്. ഇങ്ങനെ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് അല്ലാഹു വാഗ്ദാനം ചെയ്ത ആ വിജയം കാണുന്നവരുമായിത്തീരും. നമ്മുടെയുള്ളിൽ ഈ പ്രത്യേകതകളുണ്ടാക്കാൻ ശ്രമിക്കുമ്പോൾ, നമ്മൾ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനത്തിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാകുകയും ചെയ്യും. ഈ സുവാർത്തയാണ് സത്യവിശ്വാസിയ്ക്കും സത്യവിശ്വാസിനിക്കും അല്ലാഹു നല്കുന്നത്. അതായത്, നിങ്ങൾ ഈ പ്രത്യേകതകൾ വഹിക്കുന്നവരായിത്തീർന്നാൽ, അല്ലാഹുവിന്റെ ഈ സന്ദേശത്തെ- അതിലെ ഓരോ വാക്കും യുക്തിയുടെ സാഗരം ഉൾക്കൊള്ളുന്നതാണ്- ലോകത്ത് പ്രചരിപ്പിക്കുന്നവരും ഇസ്‌ലാമിന്റെ വിജയം കാണുന്നവരുമായിത്തീരും.

അല്ലാഹുവിന്റെ സിഫത്തുകൾ അഥവാ സവിശേഷഗുണങ്ങളുടെ പ്രതിച്ഛായ ആകുന്നതിനും, അവനിൽ നിന്ന് അനുഗ്രഹം പറ്റുന്നതിനും നമ്മുടെയുള്ളിൽ കുറഞ്ഞപക്ഷം ഈ പ്രത്യേകതകൾ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഇതിന്റെ ഫലമായ ഹക്കീമും അസീസുമായ അല്ലാഹുവിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ കഴിയും. ഈ പ്രത്യേകതകൾ നാം നമുക്കിടയിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ, പ്രതാപശാലിയും യുക്തിജ്ഞനുമായ അല്ലാഹു നമ്മുടെ നാവുകൾക്ക് ശക്തി പകരുന്നതാണ്. അതുമുഖേന അല്ലാഹുവിന്റെ യുക്തിഭദ്രമായ സന്ദേശം ലോകർക്ക് എത്തിച്ച്, നമുക്ക് ഇസ്‌ലാം- അഹ്മദിയ്യത്തിന്റെ വിജയം കാണാൻ കഴിയും.

ഈ പൊതുവായ ഉദ്ദേശ്യം നമ്മളിലോരോരുത്തരും മനസ്സിലാക്കേണ്ടതാണ്; നമ്മൾ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ഇക്കാലത്ത് ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ- ജീവനും സ്വത്തും സമയവും, മാനവുമെല്ലാം ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിനുവേണ്ടി എപ്പോഴും ത്യാഗം ചെയ്യാൻ സന്നദ്ധരായിരിക്കുമെന്ന പ്രതിജ്ഞയും നിറവേറ്റുന്നവരായിത്തീരും.

സക്കാത്തിനെക്കുറിച്ച് പിന്നീട് പറയാമെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞിരുന്നു. ഇനി അതിലേക്കാണ് ഞാൻ വരുന്നത്. അതായത്, സാമ്പത്തികത്യാഗം എന്ന വിഷയം. നമുക്കെല്ലാം അറിയാം നവംബർ മാസത്തിൽ 'തഹ്‌രീകെജദീദി'ന്റെ പുതുവർഷ പ്രഖ്യാപനം ഉണ്ടാകുന്നതാണ്. ഒക്ടോബർ 31-ന് തഹ്‌രീകെ ജദീദിന്റെ വർഷം അവസാനിക്കുന്നു. നവംബർ 1 മുതൽ പുതുവർഷം ആരംഭിക്കുന്നു. നംവബറിലെ ആദ്യത്തെ വെള്ളിയാഴ്ചയാണ് പൊതുവെ തഹ്‌രീകെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം ഉണ്ടാകാറുള്ളത്. പക്ഷേ, ഇത്തവണ ആ തിയതിക്ക് വിളംബരം നടത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇന്ന് ഞാൻ അതിന്റെ വിളംബരം നടത്തുന്നതാണ്. സത്യവിശ്വാസിയുടെയും സത്യവിശ്വാസിനിയുടെയും ഈ പ്രത്യേകതകളെക്കുറിച്ച് അതായത് അവർ സക്കാത്ത് കൊടുക്കുന്നവരാണ് എന്നതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുന്നതാണ്. എന്താണ് സക്കാത്ത്? ഇതിന്റെ അർത്ഥം അല്ലാഹുവിന്റെ വഴിയിൽ സ്വത്തിന്റെ ഭാഗം മാറ്റിവയ്ക്കുക; ആ ധനം പരിശുദ്ധമാകുന്നതിനും അല്ലാഹുവിനെ അനുസരിക്കുന്നു എന്നതിന്റെ പ്രകടനം ഉണ്ടാകുന്നതിനും വേണ്ടി. പിന്നീട് അല്ലാഹു ആ ധനത്തിൽ ബർക്കത്തിടുകയും അതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഒരു സത്യവിശ്വാസി ബുദ്ധിമുട്ടുന്ന തന്റെ സഹോദരനും, അവന്റെ ദീനീപരമായ ആവശ്യങ്ങൾക്കും, ഇസ്‌ലാമിന്റെ വിജയത്തിനും വേണ്ടി ധനം ചെലവഴിക്കുമ്പോൾ, വാസ്തവത്തിൽ അവൻ അല്ലാഹുവുമായിട്ട് ഒരു കച്ചവടം നടത്തുകയാണ് ചെയ്യുന്നത്. അതായത്, അതുമുഖേന അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കൂടുതൽ ആകർഷിച്ചെടുക്കുന്നവനായിത്തീരുക. ഭൗതികാനുഗ്രഹങ്ങളിൽ നിന്നും ഫലമെടുക്കുന്നതിനും, കൂടുതൽ ചെലവഴിച്ച് അല്ലാഹുവിന്റെ തൃപ്തി കൂടുതൽ കരസ്ഥമാക്കുന്നതിനും വേണ്ടി അവനിൽനിന്നുള്ള അനുഗ്രഹം കൂടുതൽ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. ഈ കച്ചവടത്തിൽ

നഷ്ടമുണ്ടാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

ഒരുഭാഗത്ത് നിക്ഷേപിച്ചുകൊണ്ടേ പോകുക. മറുഭാഗത്ത് പലയിരട്ടിയായി അത് സ്വീകരിച്ചുകൊണ്ടേപോകുക. ഭൗതികകാര്യങ്ങളിൽ നമുക്കിത് കാണാൻ കഴിയും. ധനം ചെലവഴിച്ച് എന്തെങ്കിലും നാം സ്വീകരിക്കുമ്പോൾ, അതിനുകൊടുക്കുന്ന വിലയനുസരിച്ചായിരിക്കും അതിന്റെ നിലയും. ബുദ്ധിമാൻ ഓരോ വസ്തുവും നല്ലവണ്ണം നോക്കി അതിന്റെ നില മനസ്സിലാക്കിയശേഷമേ അതിന്റെ വില നല്കുകയുള്ളൂ. അതിനുള്ള ചെലവെത്രയാണോ അത്ര നിലയയെ അതിനുണ്ടാകുകയുള്ളൂ. അതിൽനിന്ന് ഒരുപരിധിവരെ മാത്രമെ ഫലമെടുക്കാൻ പറ്റുകയുള്ളൂ. പിന്നീട് സമയം കഴിയുന്നതനുസരിച്ച് അതിന്റെ ഉപയോഗത്തിലും കുറവ് വരാൻ തുടങ്ങുന്നു. ഒരുസമയം കഴിഞ്ഞാൽ അത് തികച്ചും പ്രയോജനരഹിതമായിത്തീരുന്നു. ഏതെങ്കിലും വ്യവസായത്തിൽ ഉല്പാദനം കരസ്ഥമാക്കുന്നതിനുവേണ്ടി മുതലിറക്കുമ്പോൾ ആ മൂലധനത്തിന്റെ കുറച്ചുഭാഗവും ചിലപ്പോൾ നഷ്ടപ്പെട്ടുപോകാറുണ്ട്. അതിനുവേണ്ടി ചെലവഴിക്കപ്പെട്ട തുകയുടെ 100%ത്തിൽ നിന്നും ഫലം കിട്ടുകയില്ല; ആ നഷ്ടത്തിന്റെ കണക്ക് നോക്കിക്കൊണ്ട്, അതിന്റെ നിർമ്മാതാവ് ആ നഷ്ടം നികത്തുന്നതിനായി വില നിശ്ചയിക്കുന്നു. നഷ്ടം പരിഹരിക്കുകയും കുറച്ച് ലാഭം കിട്ടുകയും ചെയ്യുന്നതിനായി കരുക്കൾ നീക്കുന്നു. അത് ചിലപ്പോൾ നഷ്ടത്തിലേക്കും പോകാം.

പക്ഷേ, അല്ലാഹു തന്റെ വഴിയിൽ ചെലവഴിക്കുന്നവർക്ക് ജാമ്യം നല്കിയിരിക്കുകയാണ്, അതായത് ധനം വർദ്ധിക്കും. ഒരിടത്ത് പറഞ്ഞു എഴുന്നൂറിരട്ടി അല്ല അതിനേക്കാൾ കൂടുതൽ വർദ്ധിപ്പിക്കുമെന്ന്. അല്ലാഹു സത്യവിശ്വാസികളെ പ്രത്യേകമായ കച്ചവടത്തിലേക്കാണ് പ്രേരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി ഭൗതികമായ മാർഗ്ഗങ്ങൾ അവലംബിച്ച് നിങ്ങൾ സമ്പാദിക്കുന്ന പണം, അല്ലാഹുവിന്റെ കല്പനയനുസരിച്ച് ചെലവഴിക്കുമ്പോൾ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കി ജമാഅത്തിന്റെ കെട്ടുറപ്പിന് കാരണക്കാരനായിത്തീരുന്നതിനും, സ്വയം നന്നാക്കിത്തീർക്കുന്നതിനുമൊപ്പം, ചില കാര്യങ്ങളിൽ സ്വാധീനം ചെലുത്തി നിങ്ങളുടെ കച്ചവടങ്ങൾക്ക് ക്ഷതമേല്പിക്കുകയുമില്ല. ഈ വിഷയത്തെ അല്ലാഹു മറ്റൊരിടത്ത് ഇങ്ങനെ വിവരിച്ചിരിക്കുന്നു.

وَمَا تُنْفِقُوا مِنْ خَيْرٍ
فَلِأَنْفُسِكُمْ ۚ وَمَا تُنْفِقُونَ إِلَّا ابْتِغَاءَ
وَجْهِ اللَّهِ ۚ وَمَا تُنْفِقُوا مِنْ خَيْرٍ يُوَفَّ
إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ ﴿٢٧٢﴾

ഏതൊരു നല്ലമുതൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവഴിച്ചാലും അതിന്റെ ഫലം നിങ്ങൾക്കു തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലൊ. ഏതൊരു നല്ലധനം നിങ്ങൾ ചെലവഴിക്കുന്നുവോ അതിനുള്ള സമ്പൂർണ്ണമായ പ്രതിഫലം നിങ്ങൾക്കുതന്നെയാണ്. നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല (2:273).

അല്ലാഹുവിൽനിന്ന് സമ്പൂർണ്ണമായ എന്ന പദം ഉപയോഗിക്കുമ്പോൾ, അത് മനുഷ്യചിന്തയ്ക്ക് അതീതമായിട്ടുള്ളതായിരിക്കും. ഒരു മനുഷ്യൻ എന്തെങ്കിലും വ്യവസായം തുടങ്ങുമ്പോൾ കടലാസും പേനയുമെടുത്ത്, ഇക്കാലത്ത് കമ്പ്യൂട്ടറിന്റെ മുമ്പിൽ ഇരുന്ന് കണക്കുകൾ കൂട്ടി 5%, 10% ലാഭമെടുക്കാൻ ശ്രമിക്കുന്നു. ഒരുപാട് ലാഭമെടുക്കുന്ന ആളാണെങ്കിൽ അതനുസരിച്ച് കണക്കുകൾ വർദ്ധിപ്പിക്കുന്നു. ചില സന്ദർഭങ്ങളിൽ സാധനങ്ങൾ കിട്ടാതെ വരുമ്പോൾ, ബ്ലാക്ക് മാർക്കറ്റ് ചെയ്യുന്നയാളാണെങ്കിൽ 100% ലാഭം കൂട്ടുന്നു. ഇതായിരിക്കും അതിന്റെ പരിധി. ഇങ്ങനെ ഭൗതികമായ നിലയിൽ നല്ല ലാഭം ഉണ്ടാക്കിയെങ്കിലും, തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ചതുകൊണ്ട് പാപിയുമായി. ഇങ്ങനെ സമ്പാദിച്ച പണം സംശുദ്ധപണം ആയിരിക്കുകയില്ല. പക്ഷേ, അല്ലാഹു പറയുന്നു, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി, അല്ലാഹുവിന്റെ സ്നേഹവും അവന്റെ കല്പനയുടെ പാലനവും കൊണ്ട് അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്ന പണം സമ്പൂർണ്ണമായ നിലയിൽ അവന് തിരിച്ചു നല്കപെടുന്നതാണ്. അതിന് പരിധിയൊന്നുമില്ല. ദുൻയാവും ദീനും മനസ്സിലാക്കാനും അതുമുഖേന സാധിക്കുന്നു. പണവും പരിശുദ്ധമായിത്തീരുന്നു. അത്തരം പരിശുദ്ധമായ ധനം സമ്പാദിക്കുന്നവർ, ജനങ്ങളുടെ നിർബന്ധാവസ്ഥകളെ ചൂഷണം ചെയ്യുന്നവരായിരിക്കുകയില്ല. പ്രത്യുത, തെറ്റായ മാർഗ്ഗങ്ങളിലൂടെ ധനം സമ്പാദിക്കുന്നതിൽനിന്ന് എപ്പോഴും വിട്ടുനില്ക്കുകയും ചെയ്യും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ സമ്പന്നരുണ്ട്. മധ്യനിലയിലുള്ളവരും ദരിദ്രരുമുണ്ട്. കാരണം ഇത് മുഅ്മിനീങ്ങളുടെ ജമാഅത്താണ്. അതുകൊണ്ട് ഓരോ വിഭാഗങ്ങളും തങ്ങളുടെ ധനത്തിന്റെ ഒരുഭാഗം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണമെന്ന ഉദ്ദേശ്യത്തോടെ കഴിയുന്നവരാണ്; അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതിനുവേണ്ടി. തങ്ങളുടെ നിത്യജീവിതം ജമാഅത്ത് കൊടുക്കുന്ന സ്റ്റൈഫന്റിലൂടെ കഴിച്ചുകൂട്ടുന്നവർ, കാലത്തിന്റെ ഖലീഫ ഏതെങ്കിലും കാര്യത്തിന് ധനം ആവശ്യപ്പെടുമ്പോൾ ആ സ്റ്റൈഫന്റിൽനിന്നും ഉത്സാഹത്തോടും താൽപര്യത്തോടുംകൂടി ചന്ദ കൊടുക്കാൻ ഹാജരാകുന്നവർ മുമ്പും ഉണ്ടായിട്ടുണ്ട് ഇപ്പോഴുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കാഴ്ചകൾ അവർ

നോക്കിക്കാണുന്നു. അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധ രാജ്യങ്ങളിൽ ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്ന ആയിരക്കണക്കിന് അഹ്മദികൾ ഉണ്ട്. അല്ലാഹുവുമായി അവർ കച്ചവടം ചെയ്യുന്നു. പിന്നീട് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ച് സമ്പൂർണ്ണമായ നിലയിൽ തിരിച്ചുകിട്ടുന്ന ദൃശ്യങ്ങൾ അവർ കാണുകയും ചെയ്യുന്നു.

ഒരാൾ എഴുതി, തഹ്‌രീകെ ജദീദിന്റെ എന്റെ വാഗ്ദാനം ഞാൻ പലയിരട്ടി വർദ്ധിപ്പിച്ചു. (എനിക്ക് വ്യക്തിപരമായി അദ്ദേഹത്തെ അറിയാം. കഴിവിനേക്കാൾ ഒരുപാടാണ് അദ്ദേഹം വാഗ്ദാനം ചെയ്തത്.) പിന്നീട് അല്ലാഹുതആല അനുഗ്രഹം ചെയ്തു. അദ്ദേഹം ചെയ്ത വാഗ്ദാനം പൂർത്തിയാക്കാനുള്ള സാഹചര്യവുമൊരുക്കി. ഈ വർഷം വീണ്ടും അദ്ദേഹം കഴിഞ്ഞവർഷത്തേക്കാൾ ഇരട്ടി വാഗ്ദാനം ചെയ്തു. വീണ്ടും അല്ലാഹു ***വയർസുഖു മിൻഹയ്ഥു ലായഹ്തസിബ്*** എന്ന വാഗ്ദാനമനുസരിച്ച് ഏർപ്പാട് ചെയ്തു. അദ്ദേഹത്തിന്റെ ആവശ്യവും പൂർത്തിയായി. വാഗ്ദാനവും പൂർത്തിയായി. അദ്ദേഹം എഴുതുന്നു. "ഇത് കണ്ടപ്പോൾ വാഗ്ദാനം പാലിക്കുന്ന ആ സത്യവാനായ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് മനസ്സ് നിറഞ്ഞു." പക്ഷേ, എപ്പോഴും ഓർക്കണം, നമ്മുടെ ഹൃദയം അല്ലാഹുവിന്റെ സ്തുതിയാൽ എത്ര നിറഞ്ഞാലും, അവനോടുള്ള കടമ പൂർണ്ണമായും നിറവേറ്റാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് എപ്പോഴും നമ്മുടെ മനസ്സുകളെ സ്തുതികൊണ്ട് നിറച്ചുവയ്ക്കണം. കാരണം അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത്, എത്രമാത്രം നിങ്ങൾ നന്ദി കാണിക്കുന്നുവോ അത്രയും വർദ്ധിപ്പിച്ചുതരുമെന്നാണ്. അവൻ വർദ്ധിപ്പിക്കുകയാണെങ്കിൽ അത് പല ഇരട്ടിയായിക്കൊണ്ടായിരിക്കും വർദ്ധിപ്പിക്കുക. അവന്റെ പ്രതിഫലത്തിന്നനുസരിച്ച് നാം എത്ര ശ്രമിച്ചാലും, അതിന്റെ പാരമ്യതയിൽ സ്തുതി എത്തിക്കാൻ കഴിയുകയില്ല. അല്ലാഹു, തന്നെ സ്തുതിക്കുന്നവരുടേയും അതിൽ സർവ്വവും സമർപ്പിക്കുന്നവരുടേയും വിശ്വാസത്തെ കൂടുതൽ വർദ്ധിപ്പിക്കുന്നു.

ഈ സാഹിബ് എഴുതുന്നു. "ഇത്രയും വാഗ്ദാനം ചെയ്തു, ഇതെങ്ങനെ അടച്ചുതീർക്കുമെന്ന് സെക്രട്ടറി സാഹിബ് തഹ്‌രീകെ ജദീദ് എന്നോടു ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, നിങ്ങൾക്ക് എന്നെക്കുറിച്ച് ചിന്തയുള്ള സ്ഥിതിക്ക്, അല്ലാഹുവിന് എന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതിനെക്കുറിച്ച് ചിന്തയുണ്ടാകുകയില്ലേ? അവന്റെ തൃപ്തിക്കും അവന്റെ കല്പനയനുസരിച്ചുമാണ് ഞാൻ വാഗ്ദാനം ചെയ്തതും ചെലവഴിക്കുന്നതും." ഈ ഉത്സാഹവും ഈ സമർപ്പണബോധവുമാണ് അഹ്മദികളിലുള്ളത്. കാരണം അവർ ഇക്കാലത്തെ ഇമാമിന് ബയ്അത്ത് ചെയ്തവരാണ്. ബയ്അത്ത് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ സവിശേഷഗുണങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും അറിയുകയും ചെയ്തു.

അല്ലാഹുവിലുള്ള ഈമാനിൽ അവർ വളരുകയാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവർക്ക് ദൃഢവിശ്വാസമുണ്ട്. അല്ലാഹു സത്യമായ വാഗ്ദാനം ചെയ്യുന്നവനാണെന്നുള്ള ദൃഢവിശ്വാസം അവർക്കുണ്ട്. അല്ലാഹുവിനുവേണ്ടി മാത്രം ചെയ്യുന്ന ത്യാഗങ്ങൾ ഒരിക്കലും നിഷ്ഫലമായി പോകുകയില്ലെന്നും അവർക്ക് ദൃഢവിശ്വാസമുണ്ട്. അല്ലാഹുവിനുവേണ്ടി മാത്രം ചെയ്തിട്ടുള്ള ഓരോ കർമ്മത്തിനും അവൻ തക്കതായ പ്രതിഫലം നല്കുന്നവനാണെന്ന വിശ്വാസം അവർക്കുണ്ട്. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഓരോ ഭയത്തേയും ഓരോ ദുഃഖത്തേയും സന്തോഷമാക്കി മാറ്റുമെന്നു അവർക്ക് വിശ്വാസമുണ്ട്. അല്ലാഹു പറയുന്നു:

اَلَّذِيْنَ يُنْفِقُوْنَ اَمْوَالَهُمْ بِالَّيْلِ وَالنَّهَارِ
سِرًّا وَّ عَلَانِيَةً فَلَهُمْ اَجْرُهُمْ عِنْدَ
رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ
يَحْزَنُوْنَ

''രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രാവും പകലും തങ്ങളുടെ ധനം ചെലവ് ചെയ്യുന്നവർ, അവർക്ക് അവരുടെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല. അവർ ദുഃഖിതരാവുകയുമില്ല.

അല്ലാഹുവിനുവേണ്ടി മാത്രം അവന്റെ വഴിയിൽ ചെലവഴിക്കുന്നവരുടേയും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രം ചെലവഴിക്കുന്നവരുടേയും ഓരോ ഭയവും ഓരോ ദുഃഖവും അല്ലാഹു അകറ്റുന്നതായിരിക്കും. അവർ അല്ലാഹുവിന്റേതായിത്തീരുന്നു. അല്ലാഹു അവരുടേതായിത്തീരുന്നു. അല്ലാഹു അവരുടെ ജീവനിലും ധനത്തിലും അതിരറ്റ അനുഗ്രഹമിടുന്നു. ഹദീസിലും ഇതുസംബന്ധിച്ച് വന്നിട്ടുണ്ട്.

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: പരിശുദ്ധമായ സമ്പാദ്യത്തിൽനിന്ന് ആരെങ്കിലും ഒരു കാരക്ക അല്ലാഹുവിന്റെ വഴിയിൽ കൊടുത്താൽ- അല്ലാഹു പരിശുദ്ധവസ്തുവെ സ്വീകരിക്കാറുള്ളൂ- അല്ലാഹു ആ കാരക്ക വലതുകൈകൊണ്ട് സ്വീകരിച്ച്, അതിനെ അതിന്റെ ഉടമസ്ഥനുവേണ്ടി വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. എത്രത്തോളമെന്നാൽ അതൊരു മലയോളം ആയിത്തീരും; നിങ്ങൾ പശുക്കുട്ടിയെ പരിപാലിച്ചു വളർത്തുന്നതുപോലെ.

ധനം വർദ്ധിപ്പിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. വിശുദ്ധഖുർആനിൽനിന്നും ഹദീഥുകളിൽ നിന്നും അത് വ്യക്തമാണ്. പക്ഷേ, അല്ലാഹുവിന്റെ

വഴിയിൽ ചെലവഴിക്കുന്നത് അല്ലാഹു സ്വീകരിക്കണമെങ്കിൽ അത് പരിശുദ്ധമായിരിക്കണം എന്ന നിബന്ധന എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ഇതിനെക്കുറിച്ച് മുമ്പേയും പറഞ്ഞുകഴിഞ്ഞതാണ്. വഞ്ചനയിലൂടെ നേടിയെടുത്ത സമ്പാദ്യമാകാൻ പാടില്ല. ദരിദ്രരെ ചൂഷണം ചെയ്തുണ്ടാക്കിയ മുതലാകാൻ പാടില്ല. അല്ലാഹുതആല ആവശ്യപ്പെടുന്നത്, പരിശുദ്ധമാർഗ്ഗത്തിലൂടെ സമ്പാദിച്ച ധനത്തിൽനിന്ന് ചെലവഴിക്കാനാണ്. പരിശുദ്ധഹൃദയത്തോടെ പരിശുദ്ധമാക്കുന്നതിനുവേണ്ടിയായിരിക്കണം ധനം സമർപ്പിക്കേണ്ടത്. അല്ലാഹു പരാശ്രയരഹിതനാണ്. അവന് ഒന്നിന്റേയും ആവശ്യമില്ല. നമ്മുടെ ഹൃദയവും നമ്മുടെ സ്വത്തുക്കളും പരിശുദ്ധമാക്കുന്നതിനു വേണ്ടിയാണ് അല്ലാഹു നമ്മളോട് ധനത്യാഗത്തെക്കുറിച്ച് പറയുന്നത്.

അതുകൊണ്ട് നാം നമ്മുടെ പരിശുദ്ധമായ സമ്പാദ്യത്തിൽനിന്ന് അല്ലാഹുവിന്റെ വഴിയിൽ, അവന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് ചെലവഴിച്ചുകൊണ്ടിരിക്കുവോളം അവനിൽനിന്ന് അതിരില്ലാത്ത പ്രതിഫലം പ്രാപിച്ചുകൊണ്ടേയിരിക്കും. ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ ഓരോ കർമ്മവും ജമാഅത്തുപരമായ നിലയിൽ നമ്മെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടേപോകും. അല്ലാഹുവിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നതിനായി നമ്മുടെ മാർഗ്ഗങ്ങളും വിശാലമായിക്കൊണ്ടിരിക്കും. അങ്ങനെ നാം സത്യവിശ്വാസികളുടെ യഥാർത്ഥ ജമാഅത്തായിത്തീരും. അത് ഈയമുരുക്കിയൊഴിച്ചുണ്ടാക്കിയ ഭിത്തി പോലെ ശക്തമായിരിക്കും. അതിന്റെമേൽ വിജയം വരിക്കാൻ ആർക്കും സാധ്യമല്ല. അതിൽ വിള്ളലുണ്ടാക്കാനും ആർക്കും സാധിക്കുകയില്ല. അത് അസീസായ അല്ലാഹുവിന്റെ, അസീസ് എന്ന സവിശേഷഗുണത്തിന്റെ ജ്യോതിസ്സ് എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നവരുടെ ജമാഅത്തായിരിക്കും. തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ) രൂപീകരിച്ചിരിക്കുന്ന ഈ ജമാഅത്ത് തങ്ങളുടെയുള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കിക്കൊണ്ട്, ധനത്യാഗത്തിൽ വളർന്ന് അല്ലാഹുവിന്റെ സാമീപ്യത്തിന്റെ കാഴ്ചകൾ കാണുന്ന സത്യവിശ്വാസികളുടെ ജമാഅത്താണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) അല്ലാഹുവിന്റെ സഹായത്താൽ എതിരാളികളുടെ ആക്രമണത്തെ തടയുന്നതിനും ലോകത്ത് ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിനും വേണ്ടി തുടങ്ങിയ പദ്ധതി തീർച്ചയായും അത് ഹക്കീമും അസീസുമായ അല്ലാഹുവിന്റെ പിന്തുണയുള്ളതായിരുന്നു, യുക്തിനിർഭരമായിരുന്നു. ഇതുകാരണത്താൽ ജമാഅത്ത് ലോകത്ത് പ്രചരിക്കുമെന്നും അത് വിജയം വരിക്കുമെന്നും വ്യക്തമായിരുന്നു. അത് അല്ലാഹുവിൽനിന്നുള്ളതാണെന്നതിന്റെ തെളിവ് ഇന്ന് ലോകത്ത് നാം കാണുന്നു. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ജമാഅത്തിന്റെ മിഷൻ കേന്ദ്രങ്ങളും പള്ളികളും ഓരോ വർഷവും ജമാഅത്തിൽ ചേരുന്ന ഭാഗ്യവാന്മാരായ ആളുകളുമെല്ലാം അതിനുള്ള തെളിവാണ്.

അഹ്‌റാരികൾ, ഖാദിയാനിലെ ഓരോ ഇഷ്ടികയും ഇളക്കിയെടുത്തെറിയുമെന്ന് വിളംബരം ചെയ്ത കാലമായിരുന്നു അത്. ഇന്നവർ എവിടെ പോയെന്ന് ആർക്കും അറിയില്ല. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് തഹ്‌രീകെ ജദീദിന്റെ അനുഗ്രഹത്താൽ, ധനത്യാഗത്തിന്റെ അനുഗ്രഹത്താൽ, ഒറ്റക്കെട്ടായി നില്ക്കുന്നതിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതിന്റെ അനുഗ്രഹത്താൽ, ഖിലാഫത്തിന്റെ വിളിക്ക് ലബ്ബൈക്ക് പറയുന്നതിന്റെ അനുഗ്രഹത്താൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ധനത്യാഗം ചെയ്യുന്നതിന്റെ അനുഗ്രഹത്താൽ ഞാൻ പറഞ്ഞതുപോലെ ലോകത്തെ 189 രാഷ്ട്രങ്ങളിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഓരോ നാട്ടിലും പുതിയതായി ജമാഅത്തിൽ ചേരുന്ന ഓരോ അഹ്മദിയും സത്യവിശ്വാസികളുടെ ജമാഅത്തിൽ ചേർന്നതിനുശേഷം സൽക്കർമ്മങ്ങൾ ചെയ്യുകയും അനുസരണത്തിൽ വളരുകയും ചെയ്യുന്നവരാണ്. ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കുന്നവരാണ്. ഇതാണ് അസീസും ഹക്കീമുമായ അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ ദൃശ്യങ്ങൾ. ഇതവൻ കാണിച്ചുകൊണ്ടേയിരിക്കുന്നു.

അല്ലാഹു എപ്പോഴും ***ഇബ്തിഗാഅ വജ്ഹില്ലാഹ്*** (അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട്) എന്നതിന്റെ ചൈതന്യം കാണിക്കുന്നവരുടെ കൂട്ടത്തിൽ നമ്മെ നിർത്തുമാറാകട്ടെ. നാം ഇസ്‌ലാമിന്റെ വിജയത്തിന്റെ കാഴ്ചകൾ കാണുന്നവരായിത്തീരട്ടെ.

ഇനി ഞാൻ തഹ്‌രീകെ ജദീദിന്റെ ഒന്നും രണ്ടും മൂന്നും നാലും ദഫ്തറുകൾക്ക് ശേഷം അഞ്ചാമത്തെ ദഫ്തറിന്റെ പുതുവർഷ പ്രഖ്യാപനം നടത്തിക്കൊണ്ട് കഴിഞ്ഞവർഷം ജമാഅത്ത് നല്കിയ ധനത്യാഗത്തെക്കുറിച്ച് പറയുകയാണ്. തഹ്‌രീകെ ജദീദിന്റെ വർഷം ഞാൻ പറഞ്ഞതുപോലെ ഒക്ടോബർ 31-ന് സമാപിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെവന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്ത് തഹ്‌രീകെ ജദീദിലേക്ക് മൊത്തം കൊടുത്ത സംഖ്യ 36,12,000 പൗണ്ടാണ്. (ഇരുപത്തിയെട്ടുകോടി അറുപത് ലക്ഷത്തി എഴുപതിനായിരത്തി നാന്നൂറ് കോടി രൂപ). അൽഹംദുലില്ലാഹ്. ഇതിൽ പാക്കിസ്ഥാനിലേയും അമേരിക്കയിലേയും കറൻസി കഴിഞ്ഞ വർഷം തുടർച്ചയായി ഇടിഞ്ഞുകൊണ്ടിരുന്നു. പൗണ്ടുമായി തട്ടിച്ചുനോക്കുമ്പോൾ ഈ ത്യാഗം വളരെ വലുതായി കാണാം. പക്ഷേ, നമ്മുടെ കറൻസിയുമായി താരതമ്യപ്പെടുത്തുമ്പോൾ അത്രമാത്രം വലുതായി കാണുകയില്ല. എങ്കിലും ഈ പിരിഞ്ഞുകിട്ടിയ തുക മുൻ വർഷത്തെ അപേക്ഷിച്ച് 1,10,000 പൗണ്ട് അധികമാണ്.

മൊത്തം പിരിഞ്ഞുകിട്ടിയ തുകയുടെ അടിസ്ഥാനത്തിൽ പാക്കിസ്ഥാൻ തന്നെയാണ് ഒന്നാം സ്ഥാനത്തുള്ളത്. പാക്കിസ്ഥാനിലെ അവസ്ഥകൾ ആരിൽനിന്നും മറഞ്ഞതല്ല. അവിടുത്തെ കോലാഹലവും ബഹളവുമൊക്കെ എല്ലാവർക്കും അറിയുന്ന കാര്യമാണ്. വ്യവസായികളേയും മറ്റും ഇത് വല്ലാതെ ബാധിച്ചിരുന്നു. അവസാനത്തെ മാസമായപ്പോൾ മിക്ക ജമാഅത്തുകളിൽനിന്നും ചന്ദ മുഴുവനും പിരിഞ്ഞുകിട്ടാത്ത കാരണത്താൽ ബുദ്ധിമുട്ട് പ്രകടിപ്പിച്ചിരുന്നു. പാക്കിസ്ഥാനിൽ അധികവും ദരിദ്രജനങ്ങളാണ്. പക്ഷേ, അല്ലാഹുവിൽ വിശ്വാസമുള്ളതുകൊണ്ട് ആ ദരിദ്രരും മുടങ്ങാതെ ചന്ദ നല്കുന്നു. ഭയവും ദുഃഖവും അല്ലാഹു അകറ്റുമെന്ന് അവർക്ക് വിശ്വാസമുണ്ട്. നിങ്ങൾ എന്റെ ഇഷ്ടത്തിനായി ചെലവഴിച്ചാൽ വർദ്ധിപ്പിച്ചുനല്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. അവർ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി എല്ലാം ചെലവഴിക്കാൻ തയ്യാറാകുന്നു. എങ്ങനെ ഭക്ഷണം കിട്ടുമെന്ന് അവർ നോക്കാറില്ല. ആ നിലയിലാണ് അവർ ത്യാഗങ്ങൾ ചെയ്യുന്നത്. ചെയ്തുകൊണ്ടേ പോകുന്നത്. എന്തായാലും ഒന്നാംസ്ഥാനത്ത് പാക്കിസ്ഥാനാണുള്ളത്. രണ്ട് അമേരിക്ക, മൂന്ന് ബ്രിട്ടൻ, നാല് ജർമ്മനി, ജർമ്മനിയേക്കാൾ ബ്രിട്ടനാണ് ഇപ്പോൾ മുന്നിൽ വന്നുകൊണ്ടിരിക്കുന്നത്. അഞ്ച് കാനഡ, ആറ് ഇന്തോനേഷ്യ, ഏഴ് ഇന്ത്യ, എട്ട് ആസ്ത്രേലിയ, ഒമ്പത് ബെൽജിയം, പത്ത് മൊറേഷ്യസ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയയാണ് ഒന്നാം സ്ഥാനത്ത്.

തഹ്‌രീകെ ജദീദിൽ ചന്ദ കൊടുക്കുന്നവരുടെ എണ്ണത്തിലും ചില രാജ്യങ്ങളിൽ ഒരുപാട് വർദ്ധനവുണ്ടായിട്ടുണ്ട്. ഇതിൽ പാക്കിസ്ഥാൻ, ഇന്ത്യ, ജർമ്മനി, ബ്രിട്ടൻ, ഇന്തോനേഷ്യ, താൻസാനിയ, ബെനിൻ, നൈജീരിയ തുടങ്ങിയ രാജ്യങ്ങൾ പെടുന്നു. മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ചന്ദ കൊടുക്കുന്നവരിൽ 16,000 ത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. മൊത്തം ചന്ദ കൊടുക്കുന്നവർ 4,61,000 ആണ്. കഴിഞ്ഞവർഷം പറഞ്ഞ കണക്കിൽ അല്പം പിശക് പറ്റിയിരുന്നു. ജമാഅത്തുകളിൽ നിന്ന് വന്ന റിപ്പോർട്ടിലുണ്ടായ പിശകായിരുന്നു അത്. ഈ വർഷം മൊത്തം അംഗസംഖ്യ പറയണ്ട, വർദ്ധനവുണ്ടായത് മാത്രം പറഞ്ഞാൽമതി എന്ന അഭിപ്രായമുണ്ടായിരുന്നു. പക്ഷേ, നമ്മൾ പേടിക്കേണ്ട കാര്യമില്ലല്ലോ. ലോകരെ കാണിക്കാൻ വേണ്ടിയല്ല നമ്മൾ ധനത്യാഗം ചെയ്യുന്നത്. അതിനുവേണ്ടി നാം ശ്രമിക്കുന്നുമില്ല. ഭൗതികരെ മുന്നിൽ കാണുന്നുമില്ല. നമ്മൾ നമ്മുടെ കുറവുകൾ മുന്നിൽ കാണാത്തിടത്തോളം പുരോഗതിയുടെ ഗതി മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല. ഇതെന്തായാലും നമ്മുടെ എല്ലാവരുടേയും കാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രാജ്യങ്ങളിൽ 16,000 ചന്ദ കൊടുക്കുന്നവർ വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ വർഷത്തെ കണക്കുവെച്ചുനോക്കുമ്പോൾ ഇത് കുറവായി തോന്നാം. എന്നാൽ, അങ്ങനെയല്ല. മൊത്തത്തിൽ നോക്കുമ്പോൾ വർദ്ധനവാണുണ്ടായിട്ടുള്ളത്.

ഞാൻ പറഞ്ഞതുപോലെ നാം നമ്മെ വിലയിരുത്തുകയും കുറവുകൾ പരിശോധിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പ്രവർത്തനത്തിൽ അനുഗ്രഹമുണ്ടാകും. സദുദ്ദേശ്യത്തോടെ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുമ്പോൾ അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്നവരുമാകും. അല്ലാഹുവിന്റെ തൃപ്തി ലഭിക്കുക എന്നതാണ് നമ്മുടെ യഥാർത്ഥ ഉദ്ദേശ്യം. അവനിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല. അതുകൊണ്ട് ഒരുതരത്തിലുള്ള പേടിയും വേണ്ട. നമ്മുടെ എല്ലാ ത്യാഗങ്ങളും അല്ലാഹുവിന്റെ പക്കലുണ്ട്.

ഒന്നാമത്തെ ദഫ്ത്തറിൽപെട്ട പരേതാത്മക്കളെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. അവരുടെ അംഗസംഖ്യ മൊത്തം 3,743 ആണ്. ഇതിൽ 3446 പരേതാത്മക്കളുടെ രജിസ്റ്റർ തുടങ്ങിക്കഴിഞ്ഞിരുന്നു. അവരുടെ അനന്തരാവകാശികളാണ് അവരുടെ പേരിൽ ചന്ദ കൊടുക്കാൻ തുടങ്ങിയത്. 297 പേരുടെ രജിസ്റ്റർ ഇപ്പോൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അവരുടെ അനന്തരാവകാശികളോ മറ്റുള്ളവരോ മൊത്തത്തിൽ കേന്ദ്രത്തിൽ പണം അടക്കുകയാണുണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാമത്തെ ദഫ്തറിൽപെട്ട എല്ലാ പരേതാത്മാക്കളുടേയും പേരിൽ ചന്ദ കൊടുക്കുവാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

പാക്കിസ്ഥാനിലെ മാത്രം ജമാഅത്തുകളെ താരതമ്യം ചെയ്തും റിപ്പോർട്ടുകൾ പറയാറുണ്ട്. അതിലൊന്നാം സ്ഥാനത്ത് ലാഹോർ ആണ്. രണ്ടാം സ്ഥാനത്ത് റബ്‌വ, മൂന്നാം സ്ഥാനത്ത് കറാച്ചി. പാക്കിസ്ഥാനിലെ ചില ജമാഅത്തുകളേയും പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ എടുത്തുപറയാറുണ്ട്. നല്ല നിലയിൽ പ്രവർത്തനം കാഴ്ചവച്ച പാക്കിസ്ഥാനിലെ 10 ജമാഅത്തുകൾ ഇനി പറയുന്നവയാണ്. 1. റാവൽപിണ്ടി, 2. ഇസ്‌ലാമാബാദ്, 3. മുൾത്വാൻ, 4. കോയിട്ട, 5. ......, 6. സായിവാൽ, 7. ഹൈദരാബാദ്, 8. ഭാവൽപൂർ, 9. നവാബ്ശാ, 10. ഡേരാ റാസിഖാൻ.

ജില്ലകളിൽ 1. സിയാൽക്കോട്ട്, 2. ഫൈസലാബാദ്, 3. ഗുജറൻവാല, 4. മീർപൂർഖാസ്, 5. സർഗോദ, 6. ശാഹ്പുര, 7. ഭഗാവൽനഗർ, 8. നാറോവാൽ, 9. ഉക്കാഡ, 10. സാംഘർ.

ഇതിനോടൊപ്പം നല്ല പ്രവർത്തനം കാഴ്ചവച്ച ചില ചെറിയ ജമാഅത്തുകളുമുണ്ട്. ഇവരൊക്കെ ദരിദ്രരായിട്ടും മുൻപന്തിയിൽനിന്ന് പ്രവർത്തിക്കുന്നവരാണ്.

ഇംഗ്ലണ്ടിലെ ആദ്യത്തെ 10 സ്ഥാനത്ത് നില്ക്കുന്ന ജമാത്തുകൾ ഇവയാണ്. 1. ഹൽക്ക മസ്ജിദ് ഫസ്ൽ, 2. ........., 3. ബ്രഡ്ഫോർട്ട്, 4............., 5. ക്ലാസ്കോ, 6.........., 7. മാംഞ്ചസ്റ്റർ, 8...., 9. ബർമിംഗ്ഹാം ഈസ്റ്റ്, 10. ന്യൂമോറിഡം.

വ്യക്തിഗതമായ നിലയിൽ ശരാശരി ചന്ദ കൊടു

ക്കുന്നവരുടെ കണക്കും ഞാൻ കഴിഞ്ഞവർഷം പറഞ്ഞിരുന്നു. ഇതനുസരിച്ച് ബ്രിട്ടനിലെ അഞ്ച് ജമാഅത്തുകളുടെ ശരാശരി ഒരു വ്യക്തി കൊടുക്കുന്ന കണക്ക് പറയാം. 1. സ്കൻഡ്രോഫ്. ഇവരുടെ വ്യക്തിഗതമായ ശരാശരി ചന്ദ 237 പൗണ്ടാണ്. 2. മസ്ജിദ് ഫസ്ൽ ലണ്ടൻ. ശരാശരി ചന്ദ 100 പൗണ്ടാണ്. 3. ഉസ്സർട്ട് പാർക്ക്. 80 പൗണ്ട്. 4. ന്യൂമോർഡൻ 88 പൗണ്ട്. 5. ബർമിംഗ്ഹാം 41 പൗണ്ട്. ഈ കണക്ക് വലിയ ജമാഅത്തുകളിലേതാണ്. ഇതുകൂടാതെ ചെറിയ ജമാഅത്തുകളുമുണ്ട്. അംഗസംഖ്യയിൽ അവർ കുറവാണെങ്കിലും വരുമാനമുള്ളവർ അധികമുള്ളതുകൊണ്ട് അവരുടെ ശരാശരി ചന്ദ കൂടുതലാണ്.

മസ്ജിദ് ഫസ്ൽ രണ്ടാം സ്ഥാനത്താണെങ്കിലും അവരുടെ മൊത്തത്തിലുള്ള ത്യാഗം നോക്കിക്കഴിഞ്ഞാൽ ഒന്നാം സ്ഥാനത്താണെന്ന് കാണാം. അമേരിക്കക്കാർക്കും അവരുടെ പേർ പറയണമെന്ന ആഗ്രഹമുണ്ടാകും. ചന്ദ അടച്ച് തീർത്തതിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് സിലിക്കോൺ വാലിയാണ്. 2. ചിക്കാഗോ വെസ്റ്റ്. 3. നോർത്ത് അൽജീനിയ, 4. ലോസ് ആഞ്ചൽസ് ഈസ്റ്റ്, 5. ലാട്രഡ്.

അല്ലാഹു ചന്ദകൾ കൊടുത്ത എല്ലാവർക്കും ഉത്തമമായ പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ സ്വത്തിലും ജീവനിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ പരിശുദ്ധമായ സമ്പത്തിനെ വർദ്ധിപ്പിച്ചുകൊടുക്കുമാറാകട്ടെ. എല്ലാത്തിന്റേയും അധിപനായ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി കൂടുതൽ ത്യാഗം ചെയ്യുന്നവരും അവന്റെ സവിശേഷ ഗുണങ്ങളെ മുമ്പത്തേക്കാൾ കൂടുതൽ മനസ്സിലാക്കുന്നവരും അറിയുന്നവരുമാക്കിത്തീർക്കട്ടെ. സത്യവിശ്വാസികളുടെ ജമാഅത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നവരായിത്തീരട്ടെ. ഞാൻ പറഞ്ഞതുപോലെ കഴിഞ്ഞവർഷം പങ്കെടുത്തവരുടെ കണക്കിൽ പിശക് പറ്റിയിട്ടുണ്ട്. ജമാഅത്തുകൾ അവരവരുടെ കണക്കുകൾ നല്ലവണ്ണം പരിശോധിക്കേണ്ടതാണ്. പ്രത്യേകിച്ചും ആഫ്രിക്കൻ രാജ്യങ്ങളിലുള്ളവർ.

കൂടുതൽ ചന്ദ കൊടുക്കുന്ന ജമാഅത്തിന്റെ അംഗസംഖ്യയിലും വർദ്ധനവുണ്ടായിട്ടുണ്ട്. പക്ഷേ, ഒരുപാട് ആഫ്രിക്കൻ രാജ്യങ്ങളിലും ഇപ്പോഴും ധാരാളം സാധ്യതകളുണ്ട്. മുബല്ലിഗുമാരും ഭാരവാഹികളും അവിടെ ശ്രമിക്കുകയാണെങ്കിൽ ഈ അംഗസംഖ്യ എന്റെ അഭിപ്രായത്തിൽ ഇരട്ടിയായിത്തീർന്നേക്കാം. അലസതയുണ്ടെങ്കിൽ അത് പ്രവർത്തകർക്കാണ്. അഹ്മദിയ്യത്ത് സ്വീകരിച്ച സൽപ്രകൃതക്കാർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും സത്യവിശ്വാസികളുടെ ജമാഅത്തിൽ ചേർന്നുനില്ക്കുന്നതിനും വേണ്ടിയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുള്ളത്. അവർക്ക് ശരിയായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നില്ലെങ്കിൽ അവരെങ്ങനെ ഈ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ചറിയാനാണ്. അതുകൊണ്ട് ഞാൻ മുമ്പേയും പലപ്രാവശ്യം പറഞ്ഞതുപോലെ കുറച്ചാണെങ്കിലും തഹ്രീകെ ജദീദിലും വഖ്ഫെ ജദീദിലും നവഅഹ്മദികളെക്കൊണ്ട് ചന്ദ കൊടുപ്പിക്കേണ്ടതാണ്. സത്യവിശ്വാസികളുടെ ജമാഅത്തിന്റെ പ്രത്യേകതകളായി പറഞ്ഞിട്ടുള്ള ഒന്നിൽനിന്നും അവർ പിന്നിലായിപ്പോകരുത്. അല്ലാഹു ഓരോ അഹ്മദിക്കും ഭാരവാഹികൾക്കും ഈ ആത്മാവ് ഉൾക്കൊണ്ടുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ത്യാഗങ്ങളിൽ ഉയരാൻ സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.11.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala